"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - ഫയൽ അദാലത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നോഡൽ ഓഫീസർമാരെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി(പി.എസ്)വകുപ്പ്

സ.ഉ.(സാധാ) നം.623/2025/TAXES തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:- 1. 27-06-2025 ലെ സ.ഉ.(കൈ)നം.8/2025/ഉ.ഭ.പ.വ

2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എ.ആർ 14) വകുപ്പിന്റെ 28-06-2025 ലെ എ.ആർ 14-2/29/2025-ഉ.ഭ.പ.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

സെക്രട്ടറിയേറ്റിലും, വകുപ്പ് അദ്ധ്യക്ഷൻമാരുടെ കാര്യാലയങ്ങളിലും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും 31.05.2025 വരെ കുടിശ്ശികയുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2025 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനില്ക്കുന്ന ഫയൽ അദാലത്ത് സംഘടിപ്പിക്കുവാനും, ആയതിനുള്ള മേൽനോട്ടത്തിനായി ഓരോ വകുപ്പുകളിലും നോഡൽ ഓഫീസർമാരെ നിയമിക്കാനും പരാമർശ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് നികുതി (എ),(ഇ),(എഫ്),(ജി),(ജെ),(പി.എസ്) എന്നീ വകുപ്പുകളിലെയും, പ്രസ്തുത വകുപ്പുകളുടെ കീഴിലുള്ള വകുപ്പുകളിലേയും, സ്ഥാപനങ്ങളുടേയും ഫയൽ അദാലത്ത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അണ്ടർ സെക്രട്ടറി ശ്രീ.ചന്ദ്രഗോപൻ.എസ്-നെയും, നികുതി (ബി),(സി),(ഡി),(എച്ച്) എന്നീ വകുപ്പുകളിലെയും, പ്രസ്തുത വകുപ്പുകളുടെ കീഴിലുള്ള വകുപ്പുകളിലേയും, സ്ഥാപനങ്ങളുടേയും ഫയൽ അദാലത്ത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. രജനി.എം-നെയും നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1) ശ്രീമതി.രജനി.എം, ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

2) ശ്രീ.ചന്ദ്രഗോപൻ. എസ്, അണ്ടർ സെക്രട്ടറി, നികുതി വകുപ്പ്

3)ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 14) വകുപ്പ്

4) നികുതി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

5) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ്&ന്യൂ മീഡിയ)

6 )കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Mohana Kumar T**
**Date: 01-07-2025 16:52:20**

സെക്ഷൻ ഓഫീസർ